# പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ T2024
05-12-2018-ലെ മറുപടിയ്ക്ക്

**മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്ക് ലഭിച്ച സംഭാവന**

| ചോദ്യം<br>ശ്രീ.കെ.എൻ.എ. ഖാദർ | മറുപടി<br>പിണറായി വിജയൻ<br>മുഖ്യമന്ത്രി |
|---|---|
| എ) സംസ്ഥാനത്തുണ്ടായ പ്രളയത്തെത്തുടർന്ന് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് സംഭാവന നൽകിയ വ്യക്തികൾക്കും മറ്റ സ്ഥാപനങ്ങൾക്കും രസീത് നൽകിയിട്ടുണ്ടോ; രസീതുകൾ നൽകുന്നതിൽ കാലതാമസമുണ്ടായിട്ടുണ്ടെങ്കിൽ ആയതിന്റെ കാരണം വിശദമാക്കാമോ; | ഉണ്ട്. സി.എം.ഡി.ആർ.എഫ് പോർട്ടൽ വഴി തന്നെ ഓൺലൈനായി രസീത് നൽകിയിട്ടുണ്ട്. മറ്റും വിവിധ തരത്തിൽ സംഭാവന നൽകിയവർക്ക് രസീത് നൽകുന്നതിനുള്ള സംവിധാനം ഒരുക്കിയിട്ടുണ്ട്. നെഫ്റ്റ്, ആർ.ടി.ജി.എസ് തുടങ്ങിയ രീതികളിൽ സംഭാവന നൽകിയിട്ടുള്ളവരുടെ പേരു വിവരങ്ങളും മറ്റും പ്രത്യേകമായി ബാങ്കുകളിൽ നിന്നും ലഭിക്കാത്തതിനാൽ അത്തരം കേസുകളിൽ രസീതുകൾ നൽകുന്നതിനു കാലതാമസം നേരിട്ടിട്ടുണ്ട്. ബാങ്കുകളും മറ്റ പേയ് മെന്റ് ഗേറ്റ് വേകളുമായി ബന്ധപ്പെട്ട പ്രസ്തുത പ്രശ്നം പരിഹരിക്കുന്നതിനുള്ള സത്വര നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br>രസീതുകൾ ലഭിച്ചിട്ടില്ല എന്നു പരാതി ലഭിച്ചാൽ അതു പരിഹരിക്കുന്നതിനുള്ള സത്വരനടപടികളും സ്വീകരിച്ചിട്ടുണ്ട്. |
| ബി) ഈയിനത്തിൽ ലഭിച്ച ചെക്കുകൾ ക്ലിയർ ചെയ്യുന്ന വേളയിൽ വണ്ടിച്ചെക്കുകൾ ഉണ്ടായിരുന്നതായി കണ്ടെത്തിയിട്ടുണ്ടോ; ആയതിന്റെ വിശദാംശങ്ങൾ നൽകാമോ; ഈ | ലഭ്യമായ വിവരങ്ങൾ അനുസരിച്ച് 32.66 കോടി രൂപയോളം വരുന്ന 395 ചെക്കുകൾ/ഡ്രാഫ്റ്റുകളും വിവിധ കാരണങ്ങളാൽ ക്ലിയർ ചെയ്യാൻ |

| | |
|---|---|
| തുക ലഭിക്കാനായി എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; | സാധിക്കാതെ വന്നിട്ടുണ്ട്. ഇത്തരത്തിലുള്ള ചെക്കുകളും/ഡ്രാഫ്റ്റുകളും പിഴവുകൾ പരിഹരിക്കുന്നതിലേക്ക് ബന്ധപ്പെട്ട വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും തിരികെ അയച്ച് കൊടുത്തിട്ടുണ്ട്. |
| സി) പ്രളയത്തെത്തുടർന്ന് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് ലഭിച്ചു കൊണ്ടിരിക്കുന്ന തുകയുടെ പ്രതിമാസ ശരാശരി കണക്ക് അറിയിക്കാമോ? | പ്രളയത്തെത്തുടർന്ന് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേക്ക് പ്രതിമാസശരാശരിയായിആഗസ്റ്റ് മാസം 746.89 കോടിയും , സെപ്റ്റംബർ മാസം 859.8 കോടിയും ഒക്ടോബർമാസം 789.77 കോടി രൂപയും നവംബർ മാസം 402.02 കോടി രൂപയും ലഭിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**